പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 6302

**20.11.2019** -ലെ മറുപടിയ്ക്ക്

## തൊഴിൽ നിയമങ്ങളിൽ കാലോചിതമായ മാറ്റം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.അൻവർ സാദത്ത് : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| തൊഴിൽമേഖല ഭരണഘടനയിലെ കൺകറന്റ് ലിസ്റ്റിൽപ്പെടുന്നതാണോ; എങ്കിൽ തൊഴിലാളികൾക്ക് പ്രയോജനകരമായി തൊഴിൽ നിയമങ്ങൾ കൊണ്ടുവരുവാനും നിലവിലുള്ളവയിൽ കാലോചിതമായ മാറ്റം വരുത്തുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | അതെ. സംസ്ഥാനത്തെ മാറിയ സാഹചര്യങ്ങൾക്കനുസൃതമായി തൊഴിൽ നിയമങ്ങളിലും ചട്ടങ്ങളിലും ഉചിതമായ ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ട്. കൂടാതെ വിവിധ തൊഴിൽ നിയമങ്ങളിൽ ഭേദഗതികൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുമുണ്ട്. കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ സംരംക്ഷണം ഉറപ്പു വരുത്തുന്നതിനായി പിഴ ശിക്ഷ വർദ്ധിപ്പിക്കുന്നതിനും ഷോപ്പുകളിൽ തൊഴിലാളികൾക്ക് ഇരിക്കുവാനുള്ള സൗകര്യം ഉറപ്പാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ഭേദഗതി) നിയമം, 2018 ഭേദഗതി വരുത്തിയിട്ടുണ്ട്. എല്ലാ തൊഴിലാളികൾക്കും അവധി ലഭിക്കാൻ ഉതകുന്ന തരത്തിലും രാജ്യത്ത് ഇലക്ഷൻ നടക്കുന്ന ദിവസം തൊഴിലാളികൾക്ക് അവധി അനുവദിക്കാൻ വ്യവസ്ഥ ചെയ്തുകൊണ്ടും കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ & ഫെസ്റ്റിവെൽ ഹോളിഡെയ്സ്) ആക്ട് 1958-ന്റെ ഒരു ഭേദഗതി ബിൽ സമർപ്പിച്ചിട്ടുണ്ട്. പേയ്മെന്റ് ഓഫ് വേജസ് ആക്ട് പ്രകാരം സംസ്ഥാനത്ത് ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ ക്ലെയിം അതോറിറ്റിയായി നിയമിക്കാനുള്ള വിജ്ഞാപനം പേയ്മെന്റ് ഓഫ് വേജസ് ആക്ട് - ന്റെ പരിഗണനയിലാണ്. കൂടാതെ മിനിമം വേതനം നിശ്ചയിച്ചിട്ടില്ലാത്ത തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിലേയ്ക്കായി കേവല വേതന അവകാശ ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. നിലവിൽ തൊഴിൽ നിയമ പരിരക്ഷ ലഭിക്കാത്ത അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപക ജീവനക്കാർക്കായി വിദ്യാഭ്യാസ വകുപ്പുമായി കൂടിയാലോചിച്ച് സേവന വേതന ക്രമീകരണ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**